## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1593** — **16.03.2015-ൽ മറുപടിക്ക്**

### മണ്ണ് സംരക്ഷണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് മണ്ണ് സംരക്ഷണത്തിന് തയ്യാറാക്കിയ കർമ്മപദ്ധതികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ; | **(എ)** അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **(ബി)** മണ്ണിലെ പോഷക ഘടകങ്ങൾ വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | **(ബി** മണ്ണിലെ പോഷക ഘടകങ്ങൾ മണ്ണൊലിപ്പിലൂടെ നഷ്ടപ്പെടാതിരിക്കാനുള്ള സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |
| **(സി)** ഏതെല്ലാം സംസ്ഥാന-കേന്ദ്ര പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് ; | **(സി)** മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**a) സംസ്ഥാന പദ്ധതികൾ**<br>1. നബാർഡ് സാമ്പത്തിക സഹായത്തോടെ മണ്ണ് ജലസംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്)<br>2. ലബോറട്ടറികൾ (മണ്ണുപരിശോധന)<br>3. ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള പദ്ധതി<br>4. സോയിൽ ബേയ്സ്ഡ് അഗ്രോ ടെക്നോളജി ട്രാൻസ്ഫർ സെൽ<br>5. ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണു ജല സംരക്ഷണം. |

b) കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. പശ്ചിമഘട്ട വികസന പദ്ധതി
2. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി പുനരുജ്ജീവനത്തിനുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ
3. കാന്തല്ലൂർ വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം, പച്ചക്കറി കൃഷിയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി (സ്റ്റേറ്റ് ഹോൾട്ടിക്കൾച്ചർ മിഷൻ)
4. ദേശീയ സുസ്ഥിര കാർഷിക മിഷൻ പദ്ധതി
5. വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി എന്നീ പഞ്ചായത്തുകളിൽ വരൾച്ചാ നിവാരണത്തിനുള്ള പദ്ധതി (ആർ.കെ.വി.വൈ)
6. ആദിമ ആദിവാസി സങ്കേതങ്ങളിലെ പാരിസ്ഥിതിക പുനസ്ഥാപനത്തിനുള്ള പദ്ധതി.

**(ഡി)** ഇവ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

**(ഡി)** പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിലും റീജിയണൽ തലത്തിലും സംസ്ഥാന തലത്തിലും കൃത്യമായ മോണിട്ടറിംഗ് നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്ത് മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള മണ്ണ് ജല സംരക്ഷണ പദ്ധതി.
2. മണ്ണുപരിശോധന.
3. കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം.
4. ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള പദ്ധതി.
5. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി പുനരുജ്ജീവനത്തിനുള്ള മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ.
6. വയനാട് ജില്ലയുടെ കാർഷികാഭിവൃദ്ധിക്കുള്ള ചെക്ക്ഡാം പദ്ധതി.
7. ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണു ജല സംരക്ഷണം.
8. കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം , പച്ചക്കറി കൃഷിക്കായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി.
9. സോയിൽ ബേയ്സ്ഡ് അഗ്രോ ടെക്നോളജി ട്രാൻസ്ഫർ സെൽ.
10. പഞ്ചായത്തുതല ഡിജിറ്റൽ ഭൂവിഭവ വിവരം ലഭ്യമാക്കൽ, മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം (മിസ്റ്റ്).
11. സംസ്ഥാന സോയിൽ മ്യൂസിയം.
12. ദേശീയ സുസ്ഥിര കാർഷിക മിഷൻ പദ്ധതി.
13. വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി എന്നീ പഞ്ചായത്തുകളിൽ വരൾച്ചാ നിവാരണത്തിനുള്ള പദ്ധതി.
14. പാലക്കാട് ജില്ലയിൽ വരൾച്ചാ നിവാരണത്തിനായി കുളങ്ങളുടെ പുനരുദ്ധാരണം.
15. വയനാട്, തൃശ്ശൂർ , കണ്ണൂർ ജില്ലകളിൽ ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി മണ്ണു ജല സംരക്ഷണത്തിനായുള്ള പദ്ധതി.
16. ആദിമ ആദിവാസി സങ്കേതങ്ങളിലെ പാരിസ്ഥിതിക പുനസ്ഥാപനത്തിനുള്ള പദ്ധതി.

സെക്ഷൻ ഓഫീസർ